# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: .എസ്.എ.കെ.ടി.എം.പി .12/1383/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: .എസ്.എ.കെ.ടി.എം.പി .12/1383/2021 തീയ്യതി: 25/11/2021

## കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 11-10-2021 | 26-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ ആർ സുനിൽകുമാർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി .ആനി മാമ്മൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. മായ ഡി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റസിയ എ സലാം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സരിത തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ജോർജ് കുര്യൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ഡോൺ എബ്രഹാം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ഗീത മാത്യു | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു എം പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 01-04-2020 | 31-03-2021 |
| ശ്രീമതി.മായ ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | 01-04-2020 | 31-03-2021 |
| ശ്രീമതി.അനിഷ ആർ ബാബു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അന്നമ്മ ജോർജ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ.മോഹിത് എം | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 01-04-2020 | 02-07-2020 |
| ശ്രീ.റിഥിൻ ജോസഫ് ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 03-07-2020 | 05-10-2020 |
| ശ്രീമതി.സൗമ്യ റോസിലിൻ ജോളി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 06-10-2020 | 31-03-2021 |
| ശ്രീമതി.രേവതിക്കുട്ടി കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മിനി സൂസൻ ഡാനിയേൽ | അസിസ്റ്റന്റ് സെക്രട്ടറി | | |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം -<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-10 |
| 11 | വസ്തുനികുതി നിരക്കു നിശ്ചയിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-11 |
| 12 | വസ്തുനികുതി- കുടിശ്ശിക<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-12 |
| 13 | ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Darsana V (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-13 |
| 14 | തൊഴിൽ നികുതി കുടിശ്ശിക.അവശേഷിക്കുന്നും<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-15 |
| 16 | തൊഴിൽ നികുതി ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-16 |
| 17 | ലൈസൻസ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-17 |
| 18 | പെർമിറ്റ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-18 |

| | | |
|---|---|---|
| 19 | വാടക സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-19 |
| 20 | ഗവൺമെന്റ് ഇടപാടുകൾക്ക് ബാങ്കുകൾ ചാർജ് ഈടാക്കുന്നു<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-20 |
| 21 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ വൻ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല .<br>Written By: Emil T Abraham (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-21 |
| 22 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-22 |
| 23 | അസി.എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-23 |
| 24 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-എ).സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-24 |
| 25 | ബാരൽ വില – ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്ന ജി എസ് ടി സർക്കാറിലേയ്ക്ക് അടവാക്കേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-25 |
| 26 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-26 |
| 27 | ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-27 |
| 28 | ആസ്തി പരിപാലനം<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-28 |
| 29 | തെരുവ് വിളക്ക് സംബന്ധിച്ച അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-29 |
| 30 | പൊതുടാപ്പുകൾ പ്രവർത്തനക്ഷമമല്ല - വാട്ടർ ചാർജിനത്തിൽ വൻ തുക ഒടുക്കുന്നു<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-30 |
| 31 | എസ് എസ് എ വിഹിതം അടവാക്കൽ -വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Darsana V (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-31 |
| 32 | ഹോമിയോ മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-32 |
| 33 | ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-33 |

| | | |
|---|---|---|
| 34 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 728900 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-34 |
| 35 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 768000രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-11-2021) | 1-35 |
| 36 | ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-36 |
| 37 | ഹരിത കർമ്മസേനയുടെപ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 19-11-2021) | 1-37 |
| 38 | എ.ബി.സി പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .<br>Written By: Emil T Abraham (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-38 |
| 39 | എയ്റൊബിൻ നിർമ്മാണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-39 |
| 40 | സ്കൂളുകൾക്ക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല.<br>Written By: Ambily M (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-40 |
| 41 | പട്ടിക ജാതി വനിതകൾക്ക് ഇരുചക്ര വാഹനം -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Ambily M (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-41 |
| 42 | ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം- ഖരമാലിന്യ സംസ്കരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ<br>Written By: A Indulekha (Audit Officer, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-42 |
| 43 | ലൈഫ് പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-43 |
| 44 | അഗതി രഹിത കേരളം പദ്ധതി<br>Written By: Ambily M (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |

| | | |
|---|---|---|
| | Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 24-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 24-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: A Indulekha (Audit Officer, On 21-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 08.03.2021തീയതിയിലെ 6/3 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 27126412 | 53917628 |
| വരവ് | 167920000 | 175392698 |
| ആകെ | 195046412 | 229310326 |
| ചെലവ് | 188540000 | 196696836 |
| നീക്കിയിരിപ്പ് | 6506412 | 32613490 |

ബജറ്റ് പ്രകാരം 16.79കോടി രൂപയുടെ പ്രതീക്ഷിത വരവും 18.85കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം22.77കോടി രൂപയും ചെലവ്23.57 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 02/06/2021ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 53917628രൂപയും തൻവർഷ വരവ് 121475070 രൂപയും തൻവർഷചെലവ് 142779208 രൂപയും വർഷാവസാന നീക്കിയിരിപ്പ് 32613490 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 227735817 രൂപയും ആകെ ചെലവ് 235474553 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B7 ഷെഡ്യൂളിൽ 340100203-Bidders Security Deposit ,340200301-Contractors Retension ,340200108-Road Cutting Deposit എന്നിവയുടെ നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

5) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

7) B -9 ഷെഡ്യൂളിൽ സർക്കാറിലേയക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

8) B-18 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

9) സ്റ്റേൽ ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം -

| | |
|---|---|
| മുന്നിരിപ്പ് | 53917628 |
| ഓഡിറ്റ് വർഷത്തെ വരവ് | 121475070 |
| ആകെ | 175392698 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 142779208 |
| നീക്കിയിരിപ്പ് | 32613490 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1733350 |

**1-4 ഫണ്ട് വിനിയോഗം**

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 24588903 | 24588903 | 24128811 | 460092 | 98 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 6682000 | 6682000 | 6682000 | NIL | 100 |
| വികസന ഫണ്ട്-ടി.എസ്.പി. | | 0 | 680000 | 680000 | 631915 | 48085 | 92 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 0 | 19203862 | 19203862 | 13122492 | 6081370 | 68 |
| | Tied Grant | 0 | 8830000 | 8830000 | 1001110 | 7828890 | 12 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 7119259 | 7119259 | 3778383 | 3340876 | 53 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 10633000 | 10633000 | 10611022 | 21978 | 99 |
| ഐസിഡിഎസ് ഫണ്ട് | | 1984561 | 1139132 | 3123693 | 800000 | 2323693 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 941556 | 4384566 | 5326122 | 2929434 | 2396688 | |
| എൻആർഇജിഎ | | 971.34 | 26113578 | 26114549.34 | 26112819.2 | 1730.14 | - |

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

**1-5 വാർഷികപദ്ധതി അവലോകനം.**

ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 06.01.2020ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ കോവിഡ് മൂലം നടത്തിയിരുന്നില്ല. 16.03.2020-ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾ 03.02.2021ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 292 | 243 | 174507472 | 103806048 | |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 11 | 10294968 | 6083925 | 59 |
| 2 | വെറ്ററിനറി സർജൻ | 9 | 9 | 6056000 | 5763808 | 95 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 5 | 4 | 1142870 | 1049810 | 92 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 150000 | 150000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 3 | 3 | 1590000 | 169870 | 11 |
| 6 | വി.ഇ.ഒ-1 | 5 | 5 | 38772069 | 15129900 | 39 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 3 | 3 | 6136860 | 6093168 | 99 |
| 8 | സെക്രട്ടറി | 29 | 24 | 8166347 | 6274900 | 71 |
| 9 | ഹെഡ് മാസ്റ്റർ | 11 | 9 | 3601920 | 2564974 | 71 |
| 10 | വി.ഇ.ഒ-2 | 18 | 16 | 30274268 | 12167945 | 40 |
| 11 | അസി.എൻജിനീയർ | 175 | 149 | 62182235 | 43425072 | 77 |
| 12 | ക്ഷീരവികസന ഓഫീസർ | 2 | 2 | 2064307 | 1564307 | 75 |
| 13 | അസി.സെക്രട്ടറി | 18 | 18 | 4075628 | 3368369 | 83 |
| | ആകെ | 292 | 243 | 174507472 | 103806048 | 61% |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ സുഭിക്ഷകേരളവുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് കാർഷിക-മൃഗസംരക്ഷണ-ഡയറി-ഫിഷറീസ്

മേഖലകളിൽ നടപ്പിലാക്കിയത്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല.
വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

അംഗീകാരം കിട്ടിയ 292 പ്രോജക്ടുകളിൽ **243** എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വകയിരുത്തിയ ആകെ തുകയുടെ 61 ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല.ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

**മരാമത്ത് പ്രവൃത്തികൾ**

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 175 പ്രോജക്ടുകളിൽ 90% പ്രോജക്ടുകളും തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. എങ്കിൽപോലും പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥവിഭവശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല. നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കാര്യക്ഷമവുമായി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതി നിർവഹണത്തിലെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

<u>കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ</u>

കൃഷി ഓഫീസർ നിർവഹണം നടത്തിയ സംയോജിത നെൽകൃഷി വികസനം, സുഭിക്ഷ കേരളം – സമഗ്ര നെൽകൃഷി വികസനം, സുഭിക്ഷ കേരളം – സമഗ്ര പച്ചക്കറി വികസനം, സുഭിക്ഷ കേരളം – കിഴങ്ങുവിള കൃഷി വികസനം തുടങ്ങിയ പ്രോജക്ടുകളിലെ അപാകത ചുവടെ ചേർക്കുന്നു.

1. സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഭൂരിഭാഗം അപേക്ഷകളോടൊപ്പവും ഭൂവിസ്തീർണ്ണം ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല.
2. അപേക്ഷകൾ പലതും അപൂർണ്ണമാണ്.

3. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾക്കൊപ്പം കൂലിചെലവ് സംബന്ധിച്ച രേഖകൾ, ജൈവവളം വാങ്ങൽ സംബന്ധിച്ച രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(പദ്ധതി അവലോകനത്തിന്റെ അവസാന ഭാഗം)

**<u>1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.77 കോടി രൂപ നഷ്ടപ്പെട്ടു</u>**

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

<table>
<tr><td colspan="2">ഗ്രാന്റ്-ഇനം</td><td>അലോട്ട്മെന്റ്/ വരവ്</td><td>ചെലവ്</td><td>നീക്കിയിരിപ്പ്/ ലാപ്സായ തുക</td></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ</td><td>24588903</td><td>24128811</td><td>460092</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി</td><td>6682000</td><td>6682000</td><td>NIL</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി.</td><td>680000</td><td>631915</td><td>48085</td></tr>
<tr><td rowspan="2">ധനകാര്യ കമ്മീഷൻ ഗ്രാന്റ്</td><td>Untied Basic Grant</td><td>19203862</td><td>13122492</td><td>6081370</td></tr>
<tr><td>Tied Grant</td><td>8830000</td><td>1001110</td><td>7828890</td></tr>
<tr><td colspan="2">മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്</td><td>7119259</td><td>3778383</td><td>3340876</td></tr>
<tr><td colspan="2">മെയിന്റനൻസ് ഗ്രാന്റ്-റോഡ്</td><td>10633000</td><td>10611022</td><td>21978</td></tr>
<tr><td colspan="4">ആകെ</td><td>17781291</td></tr>
</table>

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. സി. എഫ് .സി ഉപാധിപ്രകാരമുള്ള ഫണ്ട് ചെലവ് നാമമാത്രമായിരുന്നു. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ **1.77കോടി** രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 27 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം1365പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 680-പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 275പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 73039തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1054 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,

തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, പട്ടതാക്കുളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ ,തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 971.34 | |
| വരവ് | ഇ എഫ് എം എസ് വരവ് | 25600060 | 26113578 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 513518 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 21649198 | 26112819.2 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 922359 | |
| | ഉപകരണങ്ങളുടെ വില, വാടക | 3028503 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 512759.2 | |
| നീക്കിയിരിപ്പ് | | 1730.14 | |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടൻറ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19440 | 28 |
| വാർദ്ധക്യകാലപെൻഷൻ | 51306900 | 3921 |
| കർഷകതൊഴിലാളി പെൻഷൻ | 13633200 | 993 |
| വിധവാപെൻഷൻ | 18180700 | 1312 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 736500 | 56 |
| വികലാംഗപെൻഷൻ | 6075900 | 421 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/10/2021-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 63245/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു

കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

**8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 28/12/2020-30/12/2020 | 12/2019-03/2020 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/07/2017 | 2012-13 To 2016-17 | എൽബിഎ (എച്ച് ക്യൂ) II/I/8എ-2660/17-18/73 |

**1-11 വസ്തുനികുതി നിരക്ക നിശ്ചയിച്ചിട്ടില്ല.**

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല . ടി വിധത്തിലുള്ള ഒരു സ്ഥാപനവും വസ്തുനികുതി നിർണ്ണയത്തിന് അപേക്ഷ സമർപ്പിക്കാത്തതിനാൽ തീരുമാനം എടുത്തിട്ടില്ലെന്നും അടുത്ത കമ്മറ്റിയിൽ അജണ്ട വെച്ച് നിരക്കുകൾ ഉൾപ്പെടുത്തുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ ( നം .1 ) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-12 വസ്തുനികുതി- കുടിശ്ശിക**

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 1830730/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-13 ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.**

2020-21 വർഷം പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും, നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ച രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിടത്തിന് നമ്പർ നല്കി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ ( ഒന്ന് ) മറുപടിയിൽ മുൻവർഷം അവസാനം മുതൽ പാലിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-14 തൊഴിൽ നികുതി കുടിശ്ശിക.അവശേഷിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം ( B-15 ഷെഡ്യൂൾ ) തൊഴിൽ നികുതിയിനത്തിൽ 18870/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1.ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ ജീവനക്കാരുടെ / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കാർമൽ വുഡ് പ്രോഡക്ട്സ് | രണ്ട്. |
| 2 | തിരുഹൃദയ കോളേജ് ഓഫ് നഴ്സിങ്, പൂവൻതുരുത്ത് | ഒന്ന് |
| 3 | പൂജ ഇൻഡസ്ട്രീസ് ,നാട്ടകം | രണ്ട് |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക് ,ചിങ്ങവനം | രണ്ട് (സ്ഥാപന തൊഴിൽ നികുതി ) |
| 5 | കോർപ്പറേഷൻ ബാങ്ക് ,കൊല്ലാട് | രണ്ട് |
| 6 | ആയുർവേദസ്ഥാൻ ഹെർബൽ ഹെറിറ്റേജ് ക്ലിനിക് | ഒന്ന്, രണ്ട് |
| 7 | ജെഎംകെ ഫിനാൻസ് | ഒന്ന്, രണ്ട് |

2.പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ , ക്ഷീരസംഘങ്ങൾ , കരാറുകാർ ഉൾപ്പെടെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**1-16 തൊഴിൽ നികുതി ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.**

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എമ്മാവൂസ് പബ്ളിക് സ്കൂൾ എന്ന സ്ഥാപനത്തിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയപ്പോൾ തൊഴിൽ നികുതി പത്രികയിൽ അടിസ്ഥാനശമ്പളം തന്നെ അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അടിസ്ഥാശമ്പളം | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| ഫാ.ആഞ്ചോ | 22500 | 750 |
| ഫാ.ജയിംസ് | 24500 | 750 |
| രജിത സൂസൻ | 7500 | 300 |
| തോമസ് ജോർജ് | 10100 | 450 |
| ഹേമലത | 7700 | 300 |
| ഉമാദേവി | 6400 | 180 |
| രമ്യ | 6600 | 180 |
| നയന | 6000 | 180 |
| സാബു | 7500 | 300 |

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (11) യുടെ മറുപടിയിൽ തുക അടവാക്കിയതിൽ വ്യക്തത നൽകുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 ലൈസൻസ് സംബന്ധമായ അപാകതകൾ**

2020-21 വർഷത്തെ ലൈസൻസ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല**

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിലുള്ളത്. ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപായി പഞ്ചായത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**2.ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുന്നു**

31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിക്കുകയും മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി 500/- രൂപ ഡി & ഒ ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ തൻവർഷം ആകെ 393 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിൽ 115 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് 500 രൂപയോ അതിൽ കൂടുതലോ ഈടാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഈടാക്കിയ ലൈസൻസ് ഫീസ് (രൂപ) | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 150/- | 8 |
| 200/- | 167 |
| 300/- | 93 |
| 350/- | 3 |
| 400/- | 7 |
| 500/- ഉം അതിന് മുകളിലും | 115 |
| ആകെ | 393 |

കൂടാതെ പല അപേക്ഷയിലും മൂലധന നിക്ഷേപം സംബന്ധിച്ച ആധികാരികമായ രേഖകളോ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അപേക്ഷയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/2020-21 തീ.18.10.2021) പഞ്ചായത്ത് കമ്മറ്റി കുറഞ്ഞ നിരക്കാണ് അംഗീകരിച്ചതെന്നും അതിനാലാണ് ഫീസിൽ കുറവ് വന്നതെന്നും മറുപടി ലഭിച്ചു. മുൻ കാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം പോലും കുറവ് വരുന്ന രീതിയിൽ ഫീസ് ഈടാക്കാനുള്ള തീരുമാനം അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ പരമാവധി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**3.ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

താഴെപ്പറയുന്ന സ്ഥാപനങ്ങൾ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് ചട്ടം 18, 19 പട്ടിക III പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ലൈസൻസ് ഫീസ് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | യന്ത്രത്തിന്റെ പവർ | ഈടാക്കിയ ഫീസ്, രസീത് നം. | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1. | ആൽഫാ റബ്ബേഴ്സ് | XVI/57 | 643.5 HP | 3000/- (120090100419/1.6.2020) | 6430/- | 3430/- |
| 2. | വാക്കപ്പറമ്പിൽ റബ്ബേഴ്സ് | II/240B | 112 HP | 1000/- (111129/19.3.2020) | 2000/- | 1000/- |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/2020-21 തീ.18.10.2021) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. കുറവ് വന്ന ഫീസ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>മുൻവർഷത്തേക്കാൾ കുറവായി ലൈസൻസ് ഫീസ് ഈടാക്കി</u>**

4. പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് മുൻ വർഷത്തേക്കാൾ കുറവായാണ് ഈടാക്കിയത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കെട്ടിട നം. | 2019-20 ൽ ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം. | 2020-21 ൽ ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം. | കുറവ് |
|---|---|---|---|---|
| സെന്റ് മേരീസ് ഏജൻസീസ് | II/95 C | 500/- (118090107400/18.3.2019) | 200/- (119090109524/20.2.2020) | 300/- |
| മറിയം ഇലക്ട്രിക്കൽസ് | XIII/109A, 110A | 500/- (119090100473/26.4.2019) | 200/- (119090109522/20.2.2020) | 300/- |
| സിഗ് സാഗ് ഡ്രസ്സ് ക്ലീനിംഗ് & അയണിംഗ് | VIII/30 | 200/- (118090107071/20.2.2019) | 150/- (119090109533/20.2.2020) | 50/- |
| പോപ്പ് മാനി മെൻസ് & ബോയ്സ് ബോട്ടിക് | VIII/559 | 300/- (119090106290/28.11.2019) | 200/- (119090109536/20.2.2020) | 100/- |
| ഡ്രീംസ് ഗ്ലാസ് ഹൗസ് | VII/63C | 300/- (118090106147/22.2.2019) | 200/- (119090109558/20.2.2020) | 100/- |
| പെനിയേൽ പപ്പടം വർക്ക്സ് | XXI/335A | 2018-19 - 300/- (102561/27.7.2018) 2019-20 - ഇല്ല | 200/- (119090109555/20.2.2020) | 400/- (300+100) |
| കുളത്തുങ്കൽ സ്റ്റോഴ്സ് | XIII/80C | 300/- (118090105905/19.2.2019 | 200/- (119090109518/20.2.2020) | 100/- |
| എവറസ്റ്റ് ലാഡേഴ്സ് | XIV/490B | 1500/- (118090108412/29.3.2019) | 1000/- (119090110236/4.3.2020) | 500/- |
| കണ്ണവത്ത് ട്രേഡേഴ്സ് | V/9B, C, D | 2018-19 - 2000/- (102834/13.8.2018) 2019-20 - ഇല്ല | 300/- (119090110199/3.3.2020) | 3700/- (2000+1700) |
| | | ആകെ | | 5550/- |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/2020-21 തീ.18.10.2021) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ് .

**5..റേഷൻ കടകളു്, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-18 പെർമിറ്റ് സംബന്ധമായ അപാകതകൾ</u>**

2020-21 വർഷത്തെ പെർമിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ - പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയില്ല

താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ആവശ്യമായ പെർമിറ്റ് ഫീസ് ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

| പെർമിറ്റ് നം., തീയതി | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കാവുന്ന പെർമിറ്റ് ഫീസ് |
|---|---|---|---|---|
| A1-2378/2020/3.08.2020 | സ്പെഷ്യൽ റെസിഡൻസ് | 1408 ച.മീ. | 3048 (Rt.12009010 1688/3.08.2020) | 9856 (1408x7) |
| A1-3532/2020/13.10.2020 | കൊമേഴ്സ്യൽ കം റെസിഡെൻഷ്യൽ | 157.77 ച.മീ. | 1105 (Rt.120090102722/14.10.2020) | 1578 (157.77x10) |
| A1-5086/2020/14.11.2020 | ഗാർഹികം | 167.8 ച.മീ. | 737 (Rt.120090103138/5.11.2020) | 1175 (167.8x7) |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/2020-21 തീ.25.10.2021) ടി കെട്ടിടങ്ങളുടെ കുറച്ച് ഭാഗം എക്സ്റ്റൻഷനാണെന്നും കുറച്ച് ഭാഗത്തിന് മുൻപ് പെർമിറ്റ് ലഭിച്ചിരുന്നുവെന്നും മറുപടി ലഭിച്ചു. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുകയോ പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

2. ആപ്ലിക്കേഷൻ ഫീസടച്ച കെട്ടിടങ്ങൾക്ക് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

ആപ്ലിക്കേഷൻ ഫീസടച്ച താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ പെർമിറ്റ് ഫീസ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ആപ്ലിക്കേഷൻ നം., തീയതി | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം |
|---|---|---|
| A1-4718/20/11.9.2020 | വാണിജ്യം | 24.34 ച.മീ. |
| A1-6510/20/8.12.2020 | വാണിജ്യം | 301.15 ച.മീ. |
| A1-533/21/15.1.2021 | ഗാർഹികം | 215.72 |

| | | |
|---|---|---|
| | | ച.മീ. |
| A1-1117/21/2.2.2021 | ഗാർഹികം | 129.01 ച.മീ. |
| A1-1221/21/5.2.2021 | ഗാർഹികം | 162 ച.മീ. |
| A1-1844/21/25.2.2021 | ഗാർഹികം | 179.15 |

കെട്ടിടങ്ങൾക്ക് പെർമിറ്റ് ലഭിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/2020-21 തീ.25.10.2021) കെട്ടിടങ്ങളുടെ പെർമിറ്റ് അപേക്ഷയിൽ അപാകതയുള്ളതിനാൽ തിരിച്ചയച്ചുവെന്നും പെർമിറ്റ് നൽകിയില്ലായെന്നും മറുപടി ലഭിച്ചു. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3. ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേകം സൂക്ഷിക്കുന്നില്ല

ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കുന്നതിനു പകരം പെർമിറ്റ് എടുക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളോടൊപ്പം ഇടകലർത്തിയാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. അതിനാൽ പുതിയ പെർമിറ്റാണോ ക്രമവത്ക്കരിച്ചതാണോ എന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല.

4. കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കുന്നില്ല, പൂർത്തീകരണ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല

പെർമിറ്റ് നൽകിയ പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ മുൻപ് പെർമിറ്റ് ലഭിച്ച എത്ര കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയെന്നും 3 വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കിയോ എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് നമ്പർ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വാടക സംബന്ധമായ അപാകതകൾ

1. ഡി.സി.ബി തുകകളിൽ കൃത്യതയില്ല

2020-21 വർഷം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി ബി തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക രജിസ്റ്റർ പ്രകാരം | 381550 | 381550 | 0 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 410928 | 319059 (Adv.12852+RP.43-306207) | 28 |

രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ ഡി.സി.ബി തുകകളിൽ ഗണ്യമായ വ്യത്യാസം വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2020-21 തീ.20.10.2021) യഥാർത്ഥ ഡിമാന്റ് 319226/- രൂപയാണെന്നും തെറ്റ് സംഭവിച്ചതാണെന്നും മറുപടി ലഭിച്ചു. അപാകത പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വാടക എഴുതിത്തള്ളി

വാർഷിക ധനകാര്യ പത്രിക പ്രകാരം 91869/- വാടക പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നെങ്കിലും മുൻ വർഷം ലഭിക്കാനുണ്ടായിരുന്ന 28/- രൂപ മാത്രമാണ് ബാലൻസായി ബി-15 ഷെഡ്യൂളിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷം എല്ലാ മുറികളിൽ നിന്നും 10 മാസത്തെ വാടക മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 2 മാസത്തെ വാടക ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/2020-21 തീ.20.10.2021) കോവിഡ് മൂലം 7 മുറികളുടെ വാടക ഒഴിവാക്കിയതായി മറുപടി ലഭിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1278/2020/ത.സ്വ.ഭ.വ/29.06.2020 പ്രകാരം ലോക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലായിരുന്ന കടകളുടെ വാടകയാണ് ഒഴിവാക്കാൻ നിർദ്ദേശമുള്ളത്. കൂടാതെ വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ലായെന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും ടി അപേക്ഷയിന്മേൽ ഭരണ സമിതി തീരുമാനമെടുക്കണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ ടി സർക്കാർ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ തന്നെ വാടക എഴുതിത്തള്ളുകയാണുണ്ടായത്. അപാകത ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-20 ഗവൺമെന്റ് ഇടപാടുകൾക്ക് ബാങ്കുകൾ ചാർജ് ഈടാക്കുന്നു</u>

ഗവൺമെന്റ് ഇടപാടുകൾക്ക് ബാങ്ക് ചാർജ്, കമ്മീഷൻ എന്നിവ ഒഴിവാക്കിയിട്ടുണ്ടെങ്കിലും 2020-21 സാമ്പത്തികവർഷം പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും (ക്യാനറ ബാങ്ക്) 10526/- രൂപ (Directly Debited By Bank) ബാങ്ക് ചാർജായി ഈടാക്കുകയുണ്ടായി. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/25.10.2021) ബാങ്കിന് കത്ത് നൽകി ബാങ്ക് ചാർജ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ബാങ്ക് ഈടാക്കിയ തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-21 ഇ-പേയ്മെന്റ് അക്കൗണ്ടിൽ വൻ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല .</u>

ഗ്രാമപഞ്ചായത്തിലെ ഇ-പേയ്മെന്റിന് ഉപയോഗിക്കുന്ന എസ് ബി ഐ ചിങ്ങവനം ശാഖയിലെ 36815957004 നമ്പർ കറണ്ട് അക്കൗണ്ടിൽ 2019-20, 2020-21 വർഷങ്ങളിലെ വർഷാന്ത്യത്തിലെ ക്ലോസിങ്ങ് ബാലൻസ് തുക ചുവടെ ചേർക്കുന്നു .

| വർഷം | ക്ലോസിങ്ങ് ബാലൻസ് തുക |
|---|---|
| 2019-20 (31.3.2020) | 949400/- |
| 2020-21 (31.3.2021) | 2444121/- |

കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല . പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പലിശ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ് . ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു . ( ഓഡിറ്റ് എൻക്വയറി- നം - 22/2020-21 , തീയതി - 21/10/21)

## <u>1-22 ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2020-21 വർഷം

ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്റ്റിന്റെ പേര് & നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | 155/21- നീലം ചിറ ജലനിധിക്കുളം റോഡ് കോൺക്രീറ്റിംഗ് , വാർഡ് -16 | 3 | 1150 | 3450 |
| 2 | 191/21-ആലിൻചുവട് കൈതാരം റോഡ് കോൺക്രീറ്റിംഗ് , വാർഡ് - 12 | 3 | 1110 | 3330 |
| 3 | 166/21- മങ്ങാട്ടയം കാലായിൽ റോഡ് കോൺക്രീറ്റിംഗ് | 3 | 1390 | 4170 |
| 4 | 121/21-ചിറയിൽ പടി പമ്പ് ഹൗസ് ക്നാനായപള്ളി റോഡ് മെയിൻറനൻസ് | 1 | 1070 | 1070 |
| 5 | 156/21-പാറക്കുളം വെട്ടത്തിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് , വാർഡ് - 9 | 3 | 1680 | 5040 |
| 6 | CMLRRP-പാറക്കുളം പലിഞ്ചി മൂഡ് കോളനി റോഡ് കോൺക്രീറ്റിംഗ് , വാർഡ് - 9 | 3 | 2000 | 6000 |
| 7 | CMLRRP-ബദനി ആശ്രമം മൈലാട്ടുംകുന്ന് റോഡ് കോൺക്രീറ്റ് വാർഡ് - 14 | 4 | 2010 | 8040 |
| | | | ആകെ | 31100 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു(എസ് ബി ഐ ചിങ്ങവനം - 3770972027-2). ആയതിനാൽ 2020-21വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

**1-23 അസി.എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

അസി.എഞ്ചിനീയറുടെ പേരിൽ കോട്ടയം സബ്ട്രഷറിയിലുള്ള റ്റി എസ് ബി (അക്കൗണ്ട് നം. 799011400001573 ) അക്കൗണ്ടിൽ 22/10/21 ൽ 8,14,415 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പാസ് ബുക്ക് 15/11/19 വരെയേ അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ (7,73,687 രൂപ) . അക്കൗണ്ടിൽ ഇത്രയും വലിയ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നതിനുള്ള കാരണം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/22-10-21)യ്ക്ക് വിശദാംശങ്ങൾ പരിശോധിച്ച് വ്യക്തത വരുത്താം എന്നാണ് അസി.എഞ്ചിനീയർ മറുപടി നൽകിയിരിക്കുന്നത്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ ഏതിനത്തിലുള്ളതാണെന്ന് വ്യക്തത വരുത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-24 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- എ.സി.ആർ. കൃത്യമായി സൂക്ഷിച്ചിട്ടില്ല**

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്രാന്റിൽ 1.29 കോടി രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2021 ലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക (31/03/2021) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100115 | 1,99,950 | സമ്പൂർണ്ണ ശുചിത്വ പരിപാടി ഫണ്ട്(TSC) |
| 2. | 320100121 | 23,23,693 | ICDS ഫണ്ട് |
| 3 | 320200322 | 23,96,690 | ശുചിത്വ മിഷൻ ഗ്രാന്റ് |
| 4 | 320700104 | 7,70,879 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(ക്യാപ്പിറ്റൽ ചെലവിന്) |
| 5 | 320700204 | 8,50,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യൂ ചെലവിന്) |
| 6 | 320800101 | 2,07,849 | ഗുണഭോക്തൃ വിഹിതം |
| 7 | 320100126 | 69,000 | PYCKA |
| 8 | 320300199 | 5,40,000 | പ്രത്യേക ഉദ്ദേശഗ്രാന്റ് |
| **ആകെ** | | **73,58,061/** | |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന എ.സി.ആർ. ഹാജരാക്കിയത് പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു.

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രോജക്ടുകൾക്കായി ചെലവഴിക്കുമ്പോൾ അക്കൌണ്ടന്റ് എ.സി.ആർ. തയ്യാറാക്കി ഓരോ ചെലവും പ്രോഗ്രസീവ് ചെലവും സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ എ.സി.ആർ കൃത്യമായി എഴുതി ആധികാരികമാക്കാതെ ചെലവുകൾ നടത്തിയിരിക്കുന്നു. പ്രത്യേക ഗ്രാന്റുകളുടെ ചെലവുകൾ എ.സി.ആറിൽ രേഖപ്പെടുത്തി തുക, പ്രോഗ്രസീവ് ടോട്ടൽ, ബാലൻസ് എന്നിവ ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു.
2. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്ട് നം., വൌച്ചർ നം., നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെലവു വിശദാംശം എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തുന്നില്ല.
3. ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ച തുകകൾ പട്ടികയിലെ ക്രമ നം.4,5ഏതെല്ലാം പ്രോജക്ടുകൾക്കാണ് ലഭിച്ചത് എന്നത് എ.സി.ആറിൽ ലഭ്യമല്ല.
4. പട്ടികയിലെ ക്രമ നം.6 ഗുണഭോക്തൃ വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നുള്ള വിശദാംശവും അവ ചെലവഴിക്കുന്നതിന്റെ വിവരവും സൂക്ഷിച്ചിട്ടില്ല.
5. ക്രമ നം.8 ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിനും അവയുടെ വിനിമയം അക്കൌണ്ട് ചെയ്യുന്ന ACR കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താതിരുന്നതിനും മേൽപറഞ്ഞ അപാകതകൾക്കും കൃത്യമായ വിശദീകരണം അനുബന്ധ രേഖകൾ ഉൾപ്പടെ നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2020-21/13.10.2021) നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ഓരോ ഗ്രാന്റുകളുടെയും എ.സി.ആർ. തയ്യാക്കി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും അവയുടെ പ്രോജക്ട് വിശദാംശം ഉൾപ്പടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2021-22 വർഷം ചെലവഴിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

**1-25 ബാരൽ വില – ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്ന ജി എസ് ടി സർക്കാറിലേയ്ക്ക്**

**അടവാക്കേണ്ടതാണ്.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ബാരൽ വില ഇനത്തിൽ ഈടാക്കേണ്ട തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്യുകയാണ് ചെയ്യുന്നത്. കാലി ബാരലിനൊപ്പം ഈടാക്കേണ്ട 18% ജി എസ് ടി യും ആയതിൽ ഉൾപ്പെട്ടിരിക്കുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം , പ്രോജക്ട് | 18% ജി എസ് ടി ഉൾപ്പെടെ ഫണ്ടിൽ നിന്നും നേരിട്ട് കിഴിവ് ചെയ്ത ബാരൽ വില | ജി എസ് ടി വകുപ്പിലേയ്ക്ക് അടവാക്കേണ്ട തുക |
|---|---|---|
| 37/21 , ഐപ്പ് മുക്ക് പാറപ്പെട്ടിക്കടവ് റോഡ് മെയിന്റനൻസ് | 15 X 281 (@238+ GST) = 4215 | 643 |
| 30/21, നെല്ലിക്കൽ പെരുഞ്ചേരി റോഡ് റീടാറിംഗ് | 9 X 295 (@250 + GST) = 2655 | 405 |
| 21/21, പള്ളിക്കുന്ന് സി എസ് ഐ ചർച്ച് റോഡ് റീടാറിംഗ് | 10 X 295 (@250 + GST) = 2950 | 450 |
| 12/21 , ഓട്ടക്കാഞ്ഞിരം ലക്ഷം വീട് കോളനി റോഡ് റീടാറിംഗ് | 21 X 295 (@250 + GST)= 6195 | 945 |
| 48/21 , ദിവാൻപുരം കാലായിൽ റോഡ് റീടാറിംഗ് | 13 X 295 (@250 + GST) = 3835 | 585 |
| 47/21 , ദിവാൻകവല കാലായിൽ റോഡ് റീടാറിംഗ് | 12 X 295 (@250 + GST) = 3540 | 540 |
| 101/21 , തകടിയേൽ കാലായിൽ റോഡ് റീടാറിംഗ് | 8 X 295 (@250 + GST) = 2360 | 360 |

ബില്ലിൽ കുറവ് ചെയ്ത് ജി എസ് ടി തുക നിർവ്വഹണോദ്യോഗസ്ഥ സർക്കാരിലേയ്ക്ക് ജി എസ് ടി വിഹിതമായിത്തന്നെ അടവാക്കേണ്ടിയിരുന്നു. ടാറിംഗ് പ്രവൃത്തികളുടെ ബാരൽ വിലയോടൊപ്പം ബില്ലിൽ നേരിട്ട് കുറവ് ചെയ്യുന്ന 18% ജി എസ് ടി , ജി എസ് ടി വകുപ്പിൽ തന്നെ അടവാക്കുന്നുണ്ടെന്ന് അസി.എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-26 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല**

സ്യൂട്ട് രജിസ്റ്റർ പ്രകാരം അൻപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി

സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെകൃത്യതയും വ്യക്തമല്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിക്കേണ്ടതാണ്.

## 1-27 ഇന്ധന ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച ജി.ഒ(പി) നം.803/70/ഫിൻ തീയതി.13.11.1970 ലെ നിബന്ധനകൾ പാലിക്കുന്നില്ല. കെ.എഫ്.സി വാല്യം II ചട്ടം 48 എ പ്രകാരം എല്ലാ മാസാന്ത്യവും തുടക്കത്തിലെ കിലോമീറ്റർ റീഡിംഗ്, അവസാന റീഡിംഗ്, ആ മാസം ആകെ ഓടിയ ദൂരം, ഇന്ധന ഉപഭോഗം, ഇന്ധന ബാലൻസ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഈ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഇന്ധന ഉപഭോഗം സംബന്ധിച്ച് ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-28 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കാൻ കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചെങ്കിലുംകാലികമാക്കിയിട്ടില്ല.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

## 1-29 തെരുവ് വിളക്ക് സംബന്ധിച്ച അപാകതകൾ

തെരുവ് വിളക്കിന്റെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച (ട്യൂബ്, എൽ.ഇ.ഡി ബൾബ്, ഓർഡിനറി ബൾബ്....) വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. 2019 ൽ വൈദ്യുത ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ തെരുവ് വിളക്കിന്റെ എണ്ണം, ഇനം എന്നിവ കണ്ടെത്തുകയും വിവിധ പദ്ധതികൾ വഴി സാധാരണ ബൾബുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി ബൾബ്, ട്യൂബ് എന്നിവയിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-2020, 2020-21 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1636892/-,1618384/-രൂപ വീതം കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ്

വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തി അതിനനുസൃതമായി വൈദ്യുത ചാർജ്ജ് ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഈടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല |

ടി വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/2020-21 തീ. 21.10.2021) അപാകതകൾ പരിഹരിക്കുമെന്നറിയിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഉപയോഗത്തിനനുസൃതമായ വൈദ്യുത ചാർജ് ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-30 പൊതുടാപ്പുകൾ പ്രവർത്തനക്ഷമമല്ല - വാട്ടർ ചാർജിനത്തിൽ വൻ തുക ഒടുക്കുന്നു**

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും ടാപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 218750 രൂപ (500 ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്താനായി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

**1-31 എസ് എസ് എ വിഹിതം അടവാക്കൽ -വിനിയോഗവിവരം ലഭ്യമല്ല.**

2020-21 വർഷം ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ് എസ് എ വിഹിതം അടവാക്കൽ (പ്രോജക്ട് നമ്പർ 60/20-21 ) എന്ന പ്രോജക്ട് പ്രകാരം 6,00,000/- രൂപ (ബിൽ നമ്പർ- 15 /31.03.2021 ) സമഗ്ര ശിക്ഷ കേരളം ,കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

**1-32 ഹോമിയോ മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.**

2020-21 വർഷം ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് (നമ്പർ 82/20-21 ) പ്രകാരം 150000/- ( ബിൽ നമ്പർ 252/08.12.2020 ) രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം ഉള്ളതായി ഹോംകോ ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് ഇാ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-33 ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

മെഡിക്കൽ ഓഫീസർ (എഫ്.എച്ച് .സി ) നിർവഹണം നടത്തിയ 2020-21 വർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിലുൾപ്പെടുത്തി(പ്രോജക്റ്റ് നം.64/21) നടത്തിയ ചുവടെ ചേർക്കുന്ന വാങ്ങൽ പ്രകാരം **സാധനങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

1) ബിൽ നമ്പർ 5/8.7.20 പ്രകാരം 61,148 - രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയതിൽ 45,734 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചത് .ബാക്കി 15,414 രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെയും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2 )2020-21 വർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിലുൾപ്പെടുത്തി(പ്രോജക്റ്റ് നം.64/21) ബിൽ നമ്പർ 10/30.12.20 പ്രകാരം 15,218 - രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയതിൽ 12809/- രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരം ഫയലിലുണ്ട്.ബാക്കി 2409/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെയും ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3)2020-21 വർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിലുൾപ്പെടുത്തി(പ്രോജക്റ്റ് നം.64/21) ബിൽ നമ്പർ 17/31.03.21പ്രകാരം 1,61,477രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെയു സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-34 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി - 728900 രൂപ തിരികെ ഈടാക്കണം

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശാരദ , തുമ്പേപറമ്പ് , കൊല്ലാട് പി ഒ | 105510100656 | 62300 |
| 2 | കെ കെ രമണി , കല്ലുപറമ്പിൽ ,ചിങ്ങവനം പി ഒ | 105510101145 | 50200 |
| 3 | ചെല്ലമ്മ കെ കെ , കുന്നംതടം , ചാന്നിക്കാട് പി ഒ | 105510101240 | 47800 |
| 4 | അന്നമ്മ ഡാനിയേൽ , പള്ളിക്കുന്നേൽ , കൊല്ലാട് പി ഒ | 105510101370 | 52000 |
| 5 | തങ്കമ്മ , തടത്തിൽ , കൊല്ലാട് പി ഒ | 105510101482 | 52100 |
| 6 | ശാന്തമ്മ , മ്ളാന്തടത്തിൽ , നെല്ലിക്കൽ , കുഴിമറ്റം പി ഒ | 105510101542 | 28900 |
| 7 | മേരി ഉതുപ്പാൻ , കാലായിൽ കുഴിമറ്റം പി ഒ | 105510201176 | 68200 |
| 8 | തങ്കമ്മ ഫിലിപ്പ് , തെക്കേടെത്ത് ,കുഴിമറ്റം പി ഒ | 105510201234 | 68200 |
| 9 | ഓമന ചെല്ലപ്പൻ , മഠത്തിൽ തെക്കേതിൽ ,കുഴിമറ്റം പി ഒ | 105510201451 | 56600 |
| 10 | അമ്മിണി തോമസ് , തോപ്പിൽ | 105510202607 | 40000 |

| | | | |
|---|---|---|---|
| | പാക്കിൽ പി ഒ | | |
| 11 | പൊന്നമ്മ തങ്കപ്പൻ , പള്ളിക്കൂടം കുന്നേൽ , പാത്താമുട്ടം | 105510202743 | 33600 |
| 12 | പൊന്നമ്മ , മരക്കൊള്ളിൽ , ,കുഴിമറ്റം പി ഒ | 105510202917 | 46800 |
| 13 | സണ്ണി വി ജി വടക്കേഎണ്ണശേരിൽ ,കുഴിമറ്റം പി ഒ | 105510300011 | 15500 |
| 14 | സുമംഗല ജി കുറുപ്പ് , എം ജി നിവാസ് , ,കുഴിമറ്റം പി ഒ | 105510601054 | 64100 |
| 15 | റോസമ്മ കുരുവിള , താഴത്തേകുറ്റ്, കൊല്ലാട് പി ഒ | 105510601169 | 42600 |
| | ആകെ | | 728900 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 20/2020-21,തീയതി-21/10/21 ) തുക തിരികെ ഈടാക്കാൻ രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് മറുപടി നൽകി . മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-35 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 768000രൂപ തിരികെ ഈടാക്കണം**

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെൻ്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെൻ്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിൻ്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | സൂസമ്മ മാണി | വാർദ്ധക്യ പെൻഷൻ | 105510200276 | 01/03/21 | 26/03/20 | 04/21 മുതൽ 9/21 വരെ | 9600 |
| 2. | ഔസേപ്പ് പിജെ | വാർദ്ധക്യ പെൻഷൻ | 105510202278 | 11/02/21 | 20/02/21 | 03/21 മുതൽ 9/21 വരെ | 11100 |
| 3 | കെ എൻ രാധമ്മ | കർഷക തൊഴിലാളി പെൻഷൻ | 105510100847 | 15/09/20 | 25/02/21 | 10/20 മുതൽ 9/21 വരെ | 18300 |
| 4 | എം എം ജോൺ | വാർദ്ധക്യ പെൻഷൻ | 105510202282 | 27/01/21 | 26/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 5 | സുകുമാരൻ എം | വാർദ്ധക്യ | 105510201450 | 18/02/21 | 26/03/21 | 03/21 മുതൽ | 11100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ | പെൻഷൻ | | | | 9/21 വരെ | |
| 6 | വിജയമ്മ സി | വിധവാ പെൻഷൻ | 105510600577 | 26/01/21 | 05/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 7 | രുക്മിണി അമ്മ | കർഷക തൊഴിലാളി പെൻഷൻ | 105510100305 | 30/01/21 | 09/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 8 | അന്നമ്മ ഫിലിപ്പോസ് | വാർദ്ധക്യ പെൻഷൻ | 105510200639 | 31/01/21 | 16/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 9 | മേരി പാപ്പൻ | വാർദ്ധക്യ പെൻഷൻ | 105510203099 | 06/02/21 | 18/02/21 | 03/21 മുതൽ 9/21 വരെ | 11100 |
| 10 | മറിയാമ്മ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂട്ടതൽ) | 105510202430 | 25/12/20 | 12/01/21 | 01/21 മുതൽ 9/21 വരെ | 14100 |
| 11 | മറിയാമ്മ ചാണ്ടി | വിധവാ പെൻഷൻ | 105510600523 | 20/12/20 | 12/01/21 | 01/21 മുതൽ 9/21 വരെ | 14100 |
| 12 | രമണി കുട്ടപ്പൻ | വാർദ്ധക്യ പെൻഷൻ | 105510200388 | 26/12/20 | 20/01/21 | 01/21 മുതൽ 9/21 വരെ | 14100 |
| 13 | പൊന്നമ്മ കെഎം | കർഷക തൊഴിലാളി പെൻഷൻ | 105510101446 | 08/12/20 | 21/01/21 | 01/21 മുതൽ 9/21 വരെ | 14100 |
| 14 | രമണൻ നായർ കെ എൻ | വാർദ്ധക്യ പെൻഷൻ | 105510201210 | 18/11/20 | 27/01/21 | 05/21 മുതൽ 9/21 വരെ | 8000 |
| 15 | ശ്രീധരൻപിള്ള | വാർദ്ധക്യ പെൻഷൻ | 105510203931 | 24/01/21 | 02/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 16 | രാജപ്പൻ | ഡിസബിലിറ്റി പെൻഷൻ | 105510400318 | 14/01/21 | 03/02/21 | 02/21 മുതൽ 9/21 വരെ | 12600 |
| 17 | അക്കമ്മ കുര്യാക്കോസ് | വാർദ്ധക്യ പെൻഷൻ | 105510200677 | 06/04/20 | 19/06/20 | 05/20 മുതൽ 9/21 വരെ | 24900 |
| 18 | കെ വി തോമസ് | വാർദ്ധക്യ പെൻഷൻ | 105510201179 | 21/05/20 | 19/06/20 | 06/20 മുതൽ 9/21 വരെ | 23600 |
| 19 | ബാലകൃഷ്ണൻ എൻ എ | വാർദ്ധക്യ പെൻഷൻ | 105510200279 | 419/04/20 | 19/06/20 | 05/20 മുതൽ 9/21 വരെ | 24900 |
| 20 | ദാമോദരൻ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂട്ടതൽ) | 105510202387 | 03/04/20 | 22/04/20 | 05/20 മുതൽ 8/20 വരെ | 6000 |
| 21 | അന്നമ്മ തോമസ് | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂട്ടതൽ) | 105510203562 | 15/04/20 | 09/05/20 | 05/20 മുതൽ 9/21 വരെ | 26100 |
| 22 | കെ വി ആൻഡ്രൂസ് | വാർദ്ധക്യ പെൻഷൻ(75 | 105510202469 | 05/05/20 | 01/06/20 | 06/20 മുതൽ 9/21 വരെ | 24600 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വയസിൽ കൂടുതൽ) | | | | | |
| 23 | സി കെ മോഹനൻ | വാർദ്ധക്യ പെൻഷൻ | 105510200556 | 01/04/20 | 22/04/20 | 05/20 മുതൽ 9/21 വരെ | 24900 |
| 24 | പി എം ജോൺ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201721 | 11/04/204 | 22/04/20 | 05/20 മുതൽ 9/21 വരെ | 26100 |
| 25 | ചാച്ചി മർക്കോസ് | കർഷക തൊഴിലാളി പെൻഷൻ | 105510101212 | 05/04/20 | 17/04/20 | 05/20 മുതൽ 9/21 വരെ | 24900 |
| 26 | പെണ്ണമ്മ | വിധവാ പെൻഷൻ | 105510600115 | 07/06/20 | 02/07/20 | 07/20 മുതൽ 9/21 വരെ | 22300 |
| 27 | സീതക്കുട്ടിയമ്മ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510202459 | 17/06/20 | 02/07/20 | 07/20 മുതൽ 9/21 വരെ | 23100 |
| 28 | ജോയി പുന്നൂസ് | വാർദ്ധക്യ പെൻഷൻ | 105510202345 | 24/06/20 | 15/07/20 | 07/20 മുതൽ 11/20 വരെ | 6800 |
| 29 | സരസമ്മ | വിധവാ പെൻഷൻ | 105510600639 | 29/06/20 | 15/07/20 | 07/20 മുതൽ 9/21 വരെ | 22300 |
| 30 | കെ എൻ പൗലോസ് | വാർദ്ധക്യ പെൻഷൻ | 105510203634 | 09/07/20 | 29/07/20 | 08/20 മുതൽ 9/21 വരെ | 21000 |
| 31 | ലീലാമ്മ മാത്യു | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510203784 | 05/07/20 | 29/07/20 | 08/20 മുതൽ 9/21 വരെ | 21600 |
| 32 | ഏലിക്കുട്ടി ഫിലിപ്പോസ് | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510200552 | 04/07/20 | 29/07/20 | 08/20 മുതൽ 12/20 വരെ | 7500 |
| 33 | കൃഷ്ണൻനായർ കെ. എസ് | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510200125 | 16/07/20 | 6/08/20 | 08/20 മുതൽ 9/21 വരെ | 21600 |
| 34 | കുര്യൻ ചാക്കോ | കർഷക തൊഴിലാളി പെൻഷൻ | 105510100040 | 21/07/20 | 14/08/20 | 08/20 മുതൽ 9/21 വരെ | 21000 |
| 35 | രാജപ്പൻ കെ വി | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510200902 | 02/08/20 | 18/08/20 | 09/20 മുതൽ 2/21 വരെ | 9000 |
| 36 | ഹരിദാസ് സി എസ് | വാർദ്ധക്യ പെൻഷൻ | 105510203238 | 25/07/20 | 9/09/20 | 08/20 മുതൽ 9/21 വരെ | 21000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 37 | ജാനകി | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510200794 | 02/08/20 | 9/09/20 | 09/20 മുതൽ 9/21 വരെ | 20100 |
| 38 | ചാക്കോ വി. സി | വാർദ്ധക്യ പെൻഷൻ | 105510200946 | 30/08/20 | 15/09/20 | 09/20 മുതൽ 2/21 വരെ | 8600 |
| 39 | സാറാമ്മ തോമസ് | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201908 | 06/09/20 | 5/10/20 | 10/20 മുതൽ 9/21 വരെ | 18600 |
| 40 | അല്ലി. ബി | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201633 | 29/09/20 | 14/10/20 | 10/20 മുതൽ 9/21 വരെ | 18600 |
| 41 | രാമകൃഷ്ണ പണിക്കർ TK | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201999 | 24/11/20 | 14/12/20 | 12/20 മുതൽ 2/21 വരെ | 4500 |
| 42 | ശിവരാമൻ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510200417 | 29/09/20 | 20/10/20 | 10/20 മുതൽ 9/21 വരെ | 18600 |
| 43 | കാർത്ത്യായനി | കർഷക തൊഴിലാളി പെൻഷൻ | 105510100070 | 26/09/20 | 20/10/20 | 10/20 മുതൽ 9/21 വരെ | 18300 |
| 44 | എം എം മാത്യൂ | വാർദ്ധക്യ പെൻഷൻ | 105510201756 | 14/09/20 | 28/10/20 | 10/20 മുതൽ 9/21 വരെ | 18300 |
| 45 | ലക്ഷ്മിക്കുട്ടി T P | വിധവാ പെൻഷൻ | 105510600037 | 29/09/20 | 28/10/20 | 10/20 മുതൽ 9/21 വരെ | 18300 |
| 46 | ശാന്തമ്മ | കർഷക തൊഴിലാളി പെൻഷൻ | 105510101201 | 04/08/20 | 31/12/20 | 09/20 മുതൽ 9/21 വരെ | 19700 |
| | ആകെ | | | | | | 768000 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 08/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ | 1200 | 1300 | 1400 | 1500 | 1600 |

| പെൻഷനുകൾ | | | | | |
|---|---|---|---|---|---|

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്ക് നല്കിയത് അംഗീകരിക്കുന്നില്ല. ഓഡിറ്റിൽ ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ ഗുണഭോക്താക്കൾ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 17/2020-21,തീയതി -21/10/21 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 768000/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി സമാന രീതിയിലുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-36 ജലനിധി -സുസ്ഥിരവികസന പദ്ധതി നടത്തിപ്പ്

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ 2013 - 14 മുതൽ ജലനിധി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നുണ്ട്. തൊടുപുഴയിലെ റീജിയണൽ പ്രൊജക്റ്റ് മാനേജ്മെൻറ് യൂണിറ്റ് ഡയറക്ടറുടെ 15.06.2020 ലെ KRWSA / RPMU / IDK / 357/ 2016 - IA 2 നമ്പർ കത്ത് പ്രകാരം രണ്ടാം ജലനിധി പഞ്ചായത്തുകളിലെ ജലഗുണനിലവാര പ്രശ്നമുള്ളതും സ്രോതസ്സുകൾ അപര്യാപ്തമായതുമായ പദ്ധതികൾക്ക് കേരള സർക്കാർ അനുവദിച്ചിട്ടുള്ള സുസ്ഥിര പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചിരുന്നയായി ഗ്രാമപഞ്ചായത്തിൽഅറിയിച്ചിരുന്നു . ഗുണനിലവാര പ്രശ്നമുള്ള പദ്ധതികളുടെ ജലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതാണ് എന്ന വിവരവും കത്തിൽ സൂചിപ്പിച്ചിരുന്നു.

പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ ചുവടെ സൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതികൾ സുസ്ഥിര വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നു.

1. കൊല്ലാട് കുടിവെള്ള പദ്ധതി
2.പാറക്കുളം-പടിയറ കുടിവെള്ള പദ്ധതി
3. പനച്ചിക്കാട് കുടിവെള്ള പദ്ധതി
4.വെള്ളുരുത്തി കുടിവെള്ള പദ്ധതി
5.പാറപ്പുറം കുടിവെള്ള പദ്ധതി

മേൽ സൂചിത കുടിവെള്ള പദ്ധതികളിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാലാണ് സുസ്ഥിര വികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തത്. 2020-21സാമ്പത്തിക വർഷം 80,00,000 രൂപ ടി പ്രൊജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്. വാർഷികകണക്കുപ്രകാരം ജല നിധി അക്കൌണ്ടിലെ ബാലൻസ്32,00,000 രൂപയാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം വരെ തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വൻ തുക ചെലവഴിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ തുടർപ്രവർത്തനം സാദ്ധ്യമാവാതെ നിഷ്ക്രിയമായിപ്പോകുന്ന അവസ്ഥയിലാണ്.കൂടാതെ കമ്മിഷൻ ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ജലനിധി പദ്ധതി നടത്തിപ്പിനായി വൻതുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുവിവരങ്ങൾ, ബെനിഫിഷ്യറി ഗ്രൂപ്പിന്റെ ക്യാഷ്ബുക്ക്,

പാസ്സ്ബുക്ക്, അംഗത്വരജിസ്റ്റർ, മിനിട്ട്സ് എന്നിവയുടെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തേണ്ടതുമാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-37 ഹരിത കർമ്മസേനയുടെപ്രവർത്തനവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

2019-20, 2020-21 ഓഡിറ്റുവർഷങ്ങളിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി ഹരിത കർമ്മസേനയുടെ പ്രവർത്തനവും അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട്നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | ഓഡിറ്റ വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 123/20ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ ചെലവ് | 2019-20 | 340000(Plan) | 196350 |
| 250/20ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 2019-20 | 257660(Plan) | 217120 |
| 207/21ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ ചെലവ് | 2020-21 | 348324(Own Fund) | 87081 |
| 271/21ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ ചെലവ് | 2020-21 | 266800(Plan) | 149850 |
| 246/21ഹരിത സഹായ സ്ഥാപനങ്ങൾക്ക് നടത്തിപ്പ ചെലവ് | 2020-21 | 143650(Plan) | 86104 |
| ആകെ | | | 7,36,505 |

ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 23വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്രസ്തുത ഹരിത കർമ്മസേനയ്ക്കായി വാഹന വാടക, ഓണറേറിയം, യൂണിഫോം, പരിശീലനം തുടങ്ങിയവയ്ക്കായി മുകളിലെ പട്ടിക പ്രകാരം ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം

ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിച്ച നടപടികൾ ഫലവത്തായതായി കാണുന്നില്ല. ഡി.പി.ആർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചതായും വ്യക്തമല്ല. ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പഞ്ചായത്ത് ഷോപ്പിംഗ് കോപ്ളക്സിന്റ മുകളിലുള്ള താൽക്കാലിക നിർമ്മിച്ചിട്ടുള്ള എം.സി.എഫ്- ൽ സൂക്ഷിച്ചിട്ടുണ്ട്(ചിത്രം ചുവടെ ചേർക്കുന്നു) . താൽകാലിക എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങളുടെ പുന:ചംക്രമണം , സ്ഥിരമായിയുള്ള എം.സി.എഫ് നിർമ്മാണം ഇവയ്ക്കായി ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും സ്വീകരിച്ച തുടർ നടപടികൾ വിശദീകരിച്ചിട്ടില്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.



**1-38 എ.ബി.സി പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .**

പ്രോജക്ട് നമ്പർ- 109/2020-21

അടങ്കൽ- 105000 രൂപ (വികസന ഫണ്ട്(ജനറൽ) - 101000 + തനത് ഫണ്ട് - 4000)

ചെലവ്- 105000 രൂപ (വികസന ഫണ്ട് (ജനറൽ)- 101000 + തനത് ഫണ്ട് - 4000)

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്കായി ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 105000/- രൂപ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. ജില്ലാ മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എപ്രകാരം വിനിയോഗിച്ചു എന്നോ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ഫലപ്രദമായിരുന്നത് സംബന്ധിച്ച് വർക്കിങ്ങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടുമില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (28/2019-20തീയതി-23.10.21) മറുപടി ലഭ്യമാക്കിയില്ല . അപാകതകൾ പരിഹരിക്കേണ്ടതും പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് .

**1-39 എയ്റൊബിൻ നിർമ്മാണം-തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം | 9/21 |
| അടങ്കൽ | 300000 |
| ചെലവ്- | 234500 |
| നിർവഹണഉദ്യോഗസ്ഥൻ- | വി ഇ.ഒ |

1. ഗ്രാമപഞ്ചായത്തിലെ കൊല്ലാട്, സദനം കവല,പാറക്കുളം എന്നീ മൂന്ന് സ്ഥലങ്ങളിൽ എയ്റൊബിൻ നിർമ്മിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ IRTC-PAU പാലക്കാട്എന്ന സ്ഥാപനവുമായി2/10/17-ൽ കരാർ വെയ്ക്കുകയും ഒരു ബിൻ നിർമ്മിക്കുന്നതിന് 497000/- പ്രകാരം മൂന്ന് ബിന്നുകൾക്ക് 1491000/-

രൂപയുടെ 50% തുകയായ745500/-രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്.24/10/17 ൽ സ്ഥാപനം തുക കൈപ്പറ്റിയിട്ടുണ്ട്.

3.എയ്റൊബിൻ നിർമ്മിക്കുന്നതിനെതിരായി തദ്ദേശവാസികൾ കോട്ടയം തഹസീൽദാർക്ക് പരാതി നല്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് 6/1/18 മുൻപ് നല്കാൻ തഹസീൽദാരുടെ 22/7/17 ലെ K2/450/17നം കത്ത് പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. 2020-21 ഓഡിറ്റ് വർഷം ശേഷിയ്ക്കുന്ന തുകയായ 234500/-ചെലവഴിച്ച് പഞ്ചായത്തിനടുത്ത സ്കൂളിലും , ഫാമിലി ഹെൽത്ത് സെന്റെർ എന്നിവിടങ്ങളിൽ എയ്റൊബിന്പ്രോജക്ട് പൂർത്തീകരിച്ചതായി സൂചിപ്പിച്ചിട്ടുണ്ട് .

എന്നാൽ എയ്റോബിൻ പ്രവർത്തിപ്പിയ്ക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 234500/- രൂപ തടസ്സപ്പെടുത്തുന്നു. എയ്റോബിൻ പ്രവർത്തനക്ഷമമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 സ്കൂളുകൾക്ക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല.

സ്കൂളുകൾക്ക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 278/21 , സ്കൂളുകൾക്ക് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |
| ചെലവ് | 3,36,894<br>(കേന്ദ്രാവിഷ്കൃത ഫണ്ട് )<br>ചെക്ക് നം - 5236913/29-03-21 |

പ്രോജക്ട് പ്രകാരം ഗവ. എൽപിഎസ് ചാന്നാനിക്കാട് , ഗവ. എൽപിഎസ് കുഴിമറ്റം എന്നീ സ്കൂളുകളിൽ IRTC പാലക്കാട് അക്രഡിറ്റഡ് ഏജൻസിയായി എയ്റോബിക് ബിൻ , ഷെഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ലാത്തതിനാൻ യൂണിറ്റുകൾ നാളിതുവരെ ഉപയോഗയോഗ്യമായിട്ടില്ല എന്ന് 23/10/21 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സ്കൂളുകൾ തുറക്കുമ്പോൾ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-41 പട്ടിക ജാതി വനിതകൾക്ക് ഇരുചക്ര വാഹനം -സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 63/20 , 26/21 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| ചെലവ് | 2,90,872 (19-20)<br>1,06,866 (20-21)<br>എസ് സി പി |

2019-20 , 20-21 വർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 11 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . പ്രോജക്ട് നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജയ് ജയ് ഹോണ്ട , പുരയ്ക്കൽ ഹോണ്ട എന്നീ സ്ഥാപനങ്ങളിൽ നിന്നും യൂണിറ്റ് ഒന്നിന് യഥാക്രമം 36359 രൂപയ്ക്ക് 10 വാഹനങ്ങളും , 34148 രൂപയ്ക്ക് ഒരു വാഹനവും ആണ് വാങ്ങിയിരിക്കുന്നത്. ടെണ്ടർ / ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ച് കുറഞ്ഞ നിരക്കിൽ വാഹനം ലഭ്യമാക്കുന്ന സ്ഥാപനം തെരഞ്ഞെടുത്തില്ല.

2. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വായ്പാ ബന്ധിതമായി ഇരുചക്രവാഹനം വാങ്ങുന്ന സംഗതിയിൽ വായ്പാ ബന്ധിത അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ ഇവിടെ വായ്പാ ബന്ധിത

പ്രോജക്ട് ആയിരുന്നെങ്കിലും തുക വാഹനം വാങ്ങിയ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്തത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (7/21)മറുപടിയിൽ പ്രോജക്ട് സംബന്ധിച്ച് നേരിട്ട ബുദ്ധിമുട്ടുകൾ അസി.സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-42 ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം- ഖരമാലിന്യ സംസ്കരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ**

2020-21 സാമ്പത്തിക വർഷം VEO നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടായിരുന്ന ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ & പേര് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| | 78/21- ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം- ഖരമാലിന്യ സംസ്കരണം(ബയോ കമ്പോസ്റ്റർ) | 1947240 (CFC Tied) 973620 (PBIG) | 594200 (CFC Tied) 837000 (PBIG) |
| | 85/21- ക്ലീൻ കോട്ടയം- ഗ്രീൻ കോട്ടയം( കിച്ചൻ ബിൻ) | 118080(CFC Tied) 59040(PBIG) | 8610(CFC Tied) 59040(PBIG) |
| ആകെ | | | 1498850 |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

1. പദ്ധതി വിഹിതം (60%), PBIG(30%) ഗുണഭോക്തൃവിഹിതം (10%) എന്ന രീതിയിലായിരുന്നു തുക വകയിരുത്തൽ . പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല

2. 78/21 നമ്പർ പ്രൊജക്ട് പ്രകാരം 1323 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതമായി 238140 രൂപ അടവാക്കിയിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട് .

എന്നാൽ 45000 രൂപയുടെ ചെലവ് മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. ആയത് മൊത്തം ചെലവിന്റെ 10 % ആകുന്നില്ല .

3. 85/21 നമ്പർ പ്രൊജക്ടിനായി പ്ലാൻ ഫണ്ട് 60% വകയിരുത്തിയിട്ടില്ല . ഗുണഭോക്തൃവിഹിതം ചെലവ് സൂചിപ്പിച്ചിട്ടില്ല .

4. ബയോ കമ്പോസ്റ്റർ ,കിച്ചൻ ബിൻ എന്നിവ പൂർണ്ണമായി വിതരണം ചെയ്യാതെ അവശേഷിപ്പിച്ചിരിക്കുന്നു .

5. 1500 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ടിന്റെ ഫലപ്രാപ്തി മോണിട്ടറിംഗ് ചെയ്തിട്ടില്ല .

സ്പിൽ ഓവറായ് നിർവ്വഹിയ്ക്കാൻ തീരുമാനിച്ചിരുന്ന പ്രോജക്ടുകൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാക്കുന്നതുവരെ ടീയിനത്തിൽ ചെലവഴിച്ച1498850 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**1-43 ലൈഫ് പദ്ധതി അവലോകനം**

2017-18 സാമ്പത്തികവർഷമായിരുന്ന ലൈഫിന്റെ ഒന്നാം ഘട്ടം. ഒന്നാം ഘട്ടത്തിൽ ഗുണഭോക്താക്കൾ ഇല്ലായിരുന്നു.

2018-19ലെ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | (ജനറൽ) 45 | എസ്.സി 2 |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | 45 | 2 |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | 44 | 2 |
| ഭവനനിർമ്മാണം ആരംഭിക്കാത്തവർ | 01 | |

2019-20 ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെങ്കിലും രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കാണ് തുക ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | (G-8,SC----) |
| എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം | (G-8,SC---) |
| ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | (G-8,SC---) |

2019-20-ൽ രണ്ട് ജനറൽ ഗുണഭോക്താക്കൾക്കും സ്ഥലം വാങ്ങിക്കൊടുത്തിട്ടുണ്ട്.

2020-21ലെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

| | |
|---|---|
| അർഹരായ ഗുണഭോക്താക്കളുടെഎണ്ണം | 195 |
| സ്വന്തമായി ഭൂമി ആർജ്ജിച്ചവർ | 09 |
| പട്ടികജാതി വികസന വകുപ്പുവഴി ഭൂമി ലഭിച്ചവർ | 4 |
| തദ്ദേശ സ്വയം ഭരണസ്ഥാപനം വഴി ഭൂമി ലഭിച്ചവർ | SC-30<br>ST-2<br>General-11 |

2020-21ലെ **മൂന്നാം ഘട്ടത്തി**ലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | വികസന ഫണ്ട് | സംസ്ഥാനാ വിഷ്കൃത പദ്ധതി | ബ്ളോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| **എസ്.സി** വകയിരുത്തിയത് | 756039 | 1000000 | 2000000 | 4000000 | 2000000 | 9756039 |
| ചെലവ് | 756039 | 1000000 | 1623961 | 860000 | ---------- | 3340000 |
| **ജനറൽ** വകയിരുത്തിയത് | 4739716 | 5364604 | 4004920 | 1000000 | 10712829 | 34822069 |
| ചെലവ് | 4323967 | 200000 | 2654820 | 1000000 | 3751113 | 1192990 |

## 1-44 അഗതി രഹിത കേരളം പദ്ധതി

അഗതി രഹിത കേരളം പദ്ധതിയ്ക്ക് വേണ്ടി കാനറാ ബാങ്കിൽ ആരംഭിച്ച 4216101007043 അക്കൗണ്ടിൽ ആശ്രയ 1 , 2 ഘട്ടങ്ങളിൽ അവശേഷിച്ചിരുന്ന തുക കൂടി നിക്ഷേപിച്ചിട്ടുണ്ട്. 2020-21 ലെ അക്കൗണ്ട് നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് |
|---|---|---|
| മുന്നിരിപ്പ | 625000 | 72566 |
| വരവ് | 200000 | 945656 |
| ചെലവ് | 200000 | 512571 |
| നീക്കിയിരിപ്പ് | 625000 | 505651 |

രണ്ട് ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി 2 ലക്ഷം രൂപ അനുവദിച്ചതും , ഭക്ഷണ വിതരണവും മാത്രമാണ് 2020-21 ൽ ചെലവുകളുള്ളത്. അഗതി രഹിത കേരളം പ്രോജക്ടിലുൾപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 13.10.20201 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 1188000 | 31/21സംയോജിത നെൽകൃഷി വികസനം | 1188000 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 500000 | 67/21ഐ.സി.ഡി.എസ്-പോഷകാഹാരം | 500000 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 1149900 | 76/21ലൈഫ് | 1149900 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 1623961 | 105/21ലൈഫ് | 1623961 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 520895 | 275/21ലൈഫ് | 520895 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | | 260000 | 320/21ലൈഫ് | 260000 | |
| ബ്ലോക്ക് പഞ്ചായത്ത് പള്ളം | 2020-21 | 1504920 | 247/21ലൈഫ് | 1504920 | |
| | | **6747676** | | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 500000 | 67/21ഐ.സി.ഡി.എസ്-പോഷകാഹാരം | 500000 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | **1000000** | 76/21ലൈഫ് | **1000000** | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 860000 | 105/21ലൈഫ് | 860000 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 490000 | 320/21ലൈഫ് | 490000 | |
| **ആകെ** | | **2850000** | | | |

**<u>4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ | പ്രവൃത്തിയുടെ | ബിൽ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 131/21വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 547973/ 28.10.2020 | 123598(Own) | 123598 | ..................... |
| കെ.എസ്.ഇ.ബി | 135/21ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 167/13-10 -2020 | 45738(Plan) | 45738 | ........................ |
| കെ .ഡബ്ള്യൂ.എ | 210/21പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 230/11-11-2020 | 180000(CFC) | ............ | 180000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക+തൻവർഷം വരവു വന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | ........... | ------------- | 5982299+4540000 =10522299 | 980823 | -- | 9541476 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 229310326 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 142779208 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1733350 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 234500 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-42 | 1498850 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ | 1733350 | |
| | | |
| | | |
| | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം | |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി11/692/അദാ./14/ 28.11.14 | 5 | |
| 1998-99 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി.11/692/ 14അദാ/7.1.15 | 18 | |
| 98-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/ 2018/192(2)/18/19.2.18 | 3 | |
| 1999-2000 | എൽ.എഫ്.കെ.പി6/1292/ 07/21.1.08 | | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/ 10/19.6.12 | | |
| 2001-02 | എൽ.എഫ്.കെ.പി11/692/ 14/13.3.15 | 4 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6/774/08/30.3.10 | | |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.12 (അദാ)2018/192(5)18/19.2.18 | 6 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി6/422/10/17.8.10 | | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.12 (അദാ)2018/192(6)/18/17.2.18 | 6 | |
| 2006-07 | എൽ.എഫ്.കെ.പി6/974/10/2.6.12 | | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/2018/192(6)/19.2.18 | 12 | |
| 2008-09 | എൽ.എഫ്.കെ.പി11/1389/ 11/3.11.12 | 15 | |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/18/192(8)/ 19.2.18 | 6 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/18/192(9)1/19.2.18 | 15 | |
| 2012-13 | എൽ.എഫ്.കെ.പി11/324/ 15/18.4.15 | 25 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-512/16/10.5.16 | 8 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-1770/16/25.4.17 | 12 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-12/ 1797/17/23.01.18 | 28 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12/701/ 18/24.3.18 | | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.12/302/ 2019/14.7.19/4.5.19 | 29 | |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.12-1400/2019 | | |

| | | | | |
|---|---|---|---|---|
| | 11.10.2019 | | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്